# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരം

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു . ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 6348/11/12/2023/ റ്റി.വി.എം**

ഹർജിക്കാരി : ആർ. വസന്ത, കമലവിലാസം, പറയങ്കാവ്, ഇരിഞ്ചയം.പി.ഒ. നെടുമങ്ങാട്, തിരുവനന്തപുരം.

എതിർകക്ഷി : ശ്യാം കുമാർ, കട്ടക്കാലിൽ വീട്, കാച്ചാണി.പി.ഒ. തിരുവനന്തപുരം.

**ഉത്തരവ് തീയതി : 04-08-2025**

വസ്തു ചോദിച്ചിട്ട് കൊടുക്കാത്തതിന്റെ പേരിൽ എതിർകക്ഷി ശ്യാംകുമാർ ഹർജിക്കാരിക്ക് പല വിധ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുവെന്നും മദ്യപിച്ച് ചീത്ത വിളിക്കുന്നെന്നും പോലീസ് നടപടി സ്വീകരിക്കുന്നില്ലെന്നും മറ്റുമാണ് ആവലാതി.

2. പരാതിയിന്മേൽ നെടുമങ്ങാട് ഇൻസ്പെക്ടർ എസ്.എച്ച്.ഒ. റിപ്പോർട്ട് ഫയൽ ചെയ്തു. ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും വസ്തു അതിർത്തി സംബന്ധിച്ച് തർക്കം നിലവിലുണ്ടെന്നും പരാതിക്കാരിക്കെതിരെ എതിർകക്ഷി നെടുമങ്ങാട് കോടതിയിൽ ഒരു സ്വകാര്യ അന്യായം ഫയൽ ചെയ്ത് സിസി.556/2023 ആയി നിലവിലിരിക്കുന്നെന്നും 'മേൽ വിഷയത്തിൽ ഒരു കേസ് നിലവിലുള്ളതിനാലും വസ്തു സംബന്ധിച്ച തർക്കമായതിനാലും ഈ പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുമാണ് റിപ്പോർട്ട്.

3. നോട്ടീസ് അയച്ചതിനെ തുടർന്ന് ഹർജിക്കാരി ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി പരാതി ആവർത്തിച്ചു. പരാതികക്ഷിയും എതിർകക്ഷിയും തമ്മിൽ വസ്തു സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണനയിലാണ്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (നടപടിക്രമം) റെഗുലേഷൻ 17 (എച്ച്), (എഫ്) പ്രകാരം മേൽ തർക്കത്തിൽ കമ്മീഷൻ ഇടപെടില്ല.

4. എതിർകക്ഷി ചീത്ത വിളിക്കുന്നതായും മറ്റും പരാതിയുണ്ടെങ്കിൽ ഹർജിക്കാരി പരാതിക്കിടയായ സംഭവത്തിന്റെ സമയവും തിയതിയും വ്യക്തമാക്കി നെടുമങ്ങാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് പരാതി കൊടുക്കുക. അപ്രകാരം പരാതി ലഭിച്ചാൽ ഡി.വൈ.എസ്.പി. അതിന്മേൽ പ്രാഥമിക അന്വേഷണം നടത്തി നിയമാനുസരണമുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരിക്ക് ഈ ഉത്തരവിന്റെ പകർപ്പയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്) രജിസ്ട്രാർ